# സൃഷ്ടി

കൂട്ടുകാരേ,
നമുക്ക് താമസിക്കുവാൻ ദൈവം തന്ന വീടാണ് ഈ ഭൂമിയും അതിനു ചുറ്റുമുള്ള പ്രപഞ്ചവും. ചുറ്റും ഒന്നു കണ്ണോടിച്ചാൽ എത്ര എത്ര സുന്ദര കാഴ്ചകളാണ് കാണുന്നത്. പച്ചനിറത്തിലുള്ള ഭൂമി, കള കള ശബ്ദം കേൾപ്പിച്ച് ഒഴുകുന്ന പുഴകൾ, പരന്നു കിടക്കുന്ന കടൽ, നല്ല ഭംഗിയുള്ള പക്ഷികൾ, നീന്തുന്ന മത്സ്യങ്ങൾ, പിന്നെ നമ്മെ പോലുള്ള മനുഷ്യർ, എന്തു മനോഹരമായ കാഴ്ച! ഇനി ആകാശത്തോ? രാത്രിയിൽ ആകാശത്തേക്ക് നിങ്ങൾ നോക്കിയിട്ടുണ്ടോ? പ്രകാശം പരത്തിനിൽക്കുന്ന ചന്ദ്രൻ... മിന്നാമിനുങ്ങുകൾ പോലെ തിളങ്ങുന്ന നക്ഷത്രങ്ങൾ..... നാം നോക്കി നിന്നുപോകും.

ഇതൊക്കെ ആരാണ് സൃഷ്ടിച്ചതെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഏതു വസ്തു ഉണ്ടാക്കുവാനും ഒരാൾ വേണം. നിങ്ങൾ എഴുതുന്ന പേന, ഇരിക്കുന്ന കസേര.. ഇതൊക്കെ ആരെങ്കിലും ഉണ്ടാക്കിയതല്ലേ? നമുക്ക് ചുറ്റും കാണുന്ന എല്ലാം സൃഷ്ടിച്ചതു സർവ്വശക്തനായ നമ്മുടെ ദൈവമാണ്. ദൈവം സർവ്വശക്തനായതു കൊണ്ട് ഇതെല്ലാം ഉണ്ടാക്കുവാൻ ആറു ദിവസമേ വേണ്ടിവന്നുള്ളൂ. സൃഷ്ടിപ്പിന്റെ ആ ചരിത്രം നമുക്ക് പാടിപ്പഠിക്കാം.

# Creation

**H**ello friends
This Earth and its surroundings are the gift of God to us for our living. If we look around we see lots of beautiful scenes, the greenery, the beautiful streams flowing with trickling sound the vast oceans, the beautiful birds that sing, the fish that plays in the waters, then parents and children like us. Oh what a lovely sight !! Up in the sky?? Have you looked at the sky in the night? The glittering moon, the sparkling stars like glow worms..... we will be astonished looking at that.
Have you ever thought who made all these? To make anything somebody must be there. The chair we sit, the pen we write.......all are made by somebody. What all things we see around, has been created by the omnipotent God. Because the Lord was powerful He needed only six days to create all this Lets' sing the history of creation.



| പാടി പഠിക്കാം | Let's Sing a Song |
|---|---|
| ദൈവത്താൽ ഉളവായി ഭൂമി ആകാശങ്ങളും<br>ദൈവത്തിൻ മഹത്വം വിളങ്ങീടുവാൻ<br>വെളിച്ചം വരട്ടെ രാത്രി പകലൊന്നാം നാൾ<br>എനിക്കായ് തന്നു ദൈവം നന്നെന്നു കണ്ടല്ലോ | Creation God's Creation<br>Created He earth and skies<br>First day Be light day and night<br>It's for me and it was good |
| രണ്ടാം നാൾ ആകാശ വിതാനങ്ങളെല്ലാം<br>കരയും കടലും സമുദ്രമെല്ലാം<br>മൂന്നാം നാൾ പുല്ലു ചെടി വൃക്ഷങ്ങളെല്ലാം<br>എനിക്കായ് തന്നു ദൈവം നന്നെന്നു കണ്ടല്ലോ | Sky and clouds on second day<br>Created He the land and seas<br>Grass and plants on third day<br>It's for me and it was good |



ചിത്രത്തിനു നിറം കൊടുക്കുക
Colour the picture